7. വാട്ടർ സെസ്സ്

ശ്രീ. എ. എം. യൂസഫ് : സർ, ഒട്ടേറെ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങളുള്ള എന്റെ മണ്ഡലത്തിൽ പേപ്പർ മില്ലുകൾക്കടക്കം നിലവിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് കുടിവെള്ളത്തിന് സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. അഡീഷണൽ സെസ്സ് കൂടി ഏർപ്പെടുത്തിയാൽ അത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിൽ വരും. ഈ വ്യവസായ സ്ഥാപനത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ തന്നെ ആയിരക്കണക്കിനുണ്ട്. അതുകൊണ്ട് ഈ നടപടി നിർത്തിവയ്ക്കുകയും അതോടൊപ്പം തന്നെ പുതിയ മീറ്റർ പരിശോധിച്ച് അഡീഷണൽ ചാർജ്ജ് ഈടാക്കാനായി ഈ പ്രദേശത്തെ വ്യവസായങ്ങൾക്കു മാത്രമല്ല വീടുകൾക്കും പതിനായിരം രൂപവരെ അടയ്ക്കാനുള്ള ബിൽ കൊടുത്തുകൊണ്ടിരിക്കുന്ന നടപടി നിറുത്തിവയ്ക്കുകയും ഒറ്റത്തീർപ്പ് നടപടിയനുസരിച്ച് ആലുവ കളമശ്ശേരി മണ്ഡലങ്ങളിലെങ്കിലും ഒരു അദാലത്ത് നടത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. അഡീഷണൽ ചാർജ്ജ് ഈടാക്കാനുള്ള നടപടി അടിയന്തരമായി നിറുത്തിവയ്ക്കണം എന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് സെക്ഷൻ 4 പ്രകാരം 5 എച്ച്.പി.-ക്കുമുകളിൽ വരുന്ന പമ്പുവച്ചെടുക്കുന്ന ജലത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നിയന്ത്രണ വിധേയമായി എടുക്കുന്ന ജലത്തിന് ഫീസ് ഈടാക്കാനും ഈ ആക്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം 2005 ഡിസംബറിൽ പ്രസിദ്ധീകരിച്ച റൂൾസിലെ ഖണ്ഡം 3-ൽ വിവിധ ഉപയോഗത്തിനുവേണ്ടി എടുക്കുന്ന ഒരു കിലോ ലിറ്റർ ജലത്തിന് ഒരു രൂപാ നിരക്കിൽ ഫീസ് ഈടാക്കാനും നിർദ്ദേശമുണ്ട്. ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടിയെടുക്കുന്ന ജലത്തിന് പ്രത്യേകം റേറ്റുകൾ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ കൂടുതൽ സുതാര്യതയ്ക്കുവേണ്ടി ഈ വകുപ്പിൽനിന്നും 2003-ലെ ആക്ട് ഭേദഗതി ചെയ്ത് ജലസേചനാവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും പ്രത്യേകം നിരക്കുകൾ ഈടാക്കുന്നതിനു വേണ്ടിയുള്ള നിയമ ഭേദഗതി നിർദ്ദേശിക്കുകയുമുണ്ടായി. ഇതേസമയം കാലോചിതമായ റേറ്റുകൾ പുതുക്കാത്തതും കൃത്യമായി വെള്ളക്കരം പിരിക്കാത്തതുംമൂലം സർക്കാരിന് പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നുവെന്ന് കാണിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് 2009 ജൂലായ് മാസം 25-ാം തീയതി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ജലസേചനത്തിന് ഉപയോഗിക്കുന്ന ജലത്തിന് കിലോ ലിറ്ററിന് 1 രൂപ പ്രകാരവും മറ്റാവശ്യങ്ങൾക്ക് കിലോ ലിറ്ററിന് രണ്ട് രൂപാ പ്രകാരവും ഈടാക്കാൻ നിർദ്ദേശിച്ച് സർക്കാർ ഉത്തരവായത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദി വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട്, 1977 പ്രകാരം ഒരു സെസ്സ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. ആ സെസ്സ് മലിനീകരണ വിമുക്തമാക്കി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള വരുമാനത്തിന്റെ ഭാഗമായി പൊലൂഷൻ കൺട്രോൾ ആക്ടിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സ് ആണ്. അത് ഒരു കിലോ ലിറ്ററിന് 5 പൈസ മുതൽ 30 പൈസ വരെ ഈടാക്കുന്നതാണ്. എന്നാൽ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ഈടാക്കുന്ന വാട്ടർ സെസ്സ് ഈ സംസ്ഥാനത്തിന്റെ വരുമാനമാണ്. ജലവിഭവ മേഖലയിൽ സംസ്ഥാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ നിക്ഷേപങ്ങൾക്ക് വഴിയൊരുക്കുന്നതിനും അനധികൃതവും അനാവശ്യവുമായിട്ടുള്ള ജലചൂഷണത്തിനും ദുർവിനിയോഗത്തിനും ഒരു പരിധിവരെ തടയുന്നതിനും പ്രസ്തുത നിയമവും അതിനുശേഷമുള്ള ഉത്തരവുകളും ആവശ്യമാണ്. അതിന്റെ പശ്ചാത്തലത്തിലാണ് പുതുക്കിയ നിരക്കുകൾ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനെ സംബന്ധിച്ചുള്ള പരാതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അദാലത്ത് രൂപത്തിൽ പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

8. വടകര-മാഹി കനാൽ പണിയുടെ പൂർത്തീകരണം

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: സർ, വടകര-മാഹി കനാൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഞാനിവിടെ അവതരിപ്പിക്കുന്നത്. ജലസേചനത്തിനും വാട്ടർ ട്രാൻസ്പോർട്ട് എന്ന നിലയിലും വളരെയധികം സഹായകമായ ഈ കനാൽ വടകര, നാദാപുരം, മേപ്പയൂർ, പെരിങ്ങളം എന്നീ ഭാഗങ്ങളിലെ ജലസേചന പദ്ധതിക്കും വളരെ സഹായകരമാണ്.

<u>ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: സർ, കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു റീച്ചാണ്. വടകര-മാഹി കനാൽ. 1957-ൽ ഇതിന് സാദ്ധ്യതാപഠനം തുടങ്ങി; 1959-ൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതാണ്. 1985-ൽ 17.4 കിലോമീറ്റർ നീളത്തിൽ കനാൽ നിർമ്മിക്കുന്നതിനുവേണ്ട ഭൂമി സർക്കാർ ഏറ്റെടുക്കുകയും അതേവർഷം തന്നെ വിവിധ ഭാഗങ്ങളിലായി ഉത്ഖനനം തുടങ്ങുകയും ചെയ്തു. 1997 ജൂൺ മാസത്തോടുകൂടി ഇന്ത്യാ ഗവൺമെന്റ് ഫണ്ട് നിർത്തലാക്കിയതിനെത്തുടർന്ന് ഫണ്ടിന്റെ ലഭ്യതയില്ലാത്തതിനാൽ പണികൾ സ്തംഭനാവസ്ഥയിലാണ്. നിലവിൽ വടകര-മാഹി കനാലിന്റെ നിർമ്മാണത്തിനുവേണ്ടി 2009-ലെ നിരക്ക് പ്രകാരം 165 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കുവേണ്ടി 25-3-2010-ൽ സർക്കാരിന് ലഭിച്ചിരുന്നു. 1-4-2007 മുതൽ ഉൾനാടൻ ജലഗതാഗതത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുകയുണ്ടായി, എന്നാൽ ആ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 165 കോടി രൂപയുടെ ഈ പദ്ധതി ഏറ്റെടുക്കാൻ ധനലഭ്യത ഇല്ലാത്തതിനാൽ അത് ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അതുകൊണ്ട് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്താൻ നിവൃത്തിയില്ല. കാരണം ആ ഒരൊറ്റ കനാൽ മാത്രമേ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവർത്തനം കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.